# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 339** **08-02-2016-ന് മറുപടിയ്ക്ക്**

## ഇടുക്കിയിലെ വനഭൂമി കുടിയേറ്റ ക്രമീകരണ ചട്ടങ്ങൾ

**ചോദ്യം**

ശ്രീ. വി.ശശി

**മറുപടി**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഇടുക്കിയിൽ 10 ചെയിൻ പ്രദേശത്തെ ഭൂമി 1993 -ലെ വനഭൂമി കുടിയേറ്റ ക്രമീകരണ ചട്ടങ്ങൾ അനുസരിച്ചാണോ വിതരണം ചെയ്യുന്നതെന്നും എങ്കിൽ ഇതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | (എ) | ഇടുക്കി ജില്ലയിലെ 10 ചെയിൻ പ്രദേശം ഇടുക്കി താലൂക്ക് രൂപീകരിക്കുന്നതിന് മുമ്പുള്ള ഉടുമ്പൻചോല താലൂക്കിന്റെ പരിധിയിൽ ഉൾപ്പെട്ടു വരുന്നതാണ്. മുൻ ഉടുമ്പൻചോല താലൂക്കിന്റെ പരിധിയിലുള്ള ഭൂമിയിൽ നിലവിൽ 1993-ലെ വനഭൂമി കുടിയേറ്റം ക്രമീകരണചട്ടങ്ങൾ പ്രകാരമാണ് പട്ടയം നൽകി വരുന്നത്. പ്രദേശത്ത് ഇപ്പോൾ നടത്താൻ നിശ്ചയിച്ചിരിക്കുന്ന സർവ്വെ നടപടികൾ പൂർത്തിയായാൽ മാത്രമേ ടി സ്ഥലത്തെ പതിവിന് കേന്ദ്രാനുമതി ആവശ്യമാണോ, കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ എന്ന കാര്യങ്ങൾ വ്യക്തമാവുകയുള്ളൂ. |
| (ബി) | കേന്ദ്രാനുമതി ലഭിച്ചത് 1997 ജനവരി ഒന്നിന് മുമ്പുള്ള കൈയ്യേറ്റം ക്രമീകരിയ്ക്കുന്നതിന് വേണ്ടിയാണോ എന്ന് വ്യക്തമാക്കാമോ; | (ബി) | അല്ല. കേന്ദ്രാനുമതി ലഭിച്ചത് 01-01-1977-ന് മുമ്പുള്ള വനഭൂമി കുടിയേറ്റം ക്രമീകരിക്കുന്നതിനു വേണ്ടിയാണ്. |
| (സി) | ഡാമിന് വേണ്ടി ഏറ്റെടുത്ത വനഭൂമിയിൽ 1997-ന് മുമ്പ് കയ്യേറ്റം നടന്നിരുന്നോ എന്ന് വ്യക്തമാക്കാമോ? | (സി) | ഇടുക്കി ഡാമിന്റെ 10 ചെയിൻ പ്രദേശങ്ങൾക്കുള്ളിൽ 1997-ന് മുമ്പ് തന്നെ കുടിയേറ്റം നടന്നിരുന്നു. |

Ajithraj

സെക്ഷൻ ഓഫീസർ